# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6654** — **21/11/2019 ൽ മറുപടിക്ക്**

### സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.അനിൽ അക്കര | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നം അസംസ്കൃത കശുവണ്ടിയുടെ ലഭ്യത കുറവാണോ എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവാണ്. |
| (ബി) സംസ്ഥാനത്ത് ആവശ്യമായിട്ടുള്ള തോട്ടണ്ടി എത്ര മെട്രിക് ടണ്ണാണെന്നും നിലവിൽ ആഭ്യന്തര ഉത്പാദനം എത്ര മെട്രിക് ടണ്ണാണെന്നും അറിയിക്കുമോ; | (ബി) കേരളത്തിലെ ഫാക്ടറികളുടെ പ്രതിവർഷ തോട്ടണ്ടി ആവശ്യകത 8 ലക്ഷം ടണ്ണോളമാണ്. കൊച്ചിയിലെ കാഷ്യൂ കൊക്കോ ഡയറക്ടറേറ്റിന്റെ 2017 – 18 ലെ റിപ്പോർട്ട് പ്രകാരം 88180 മെട്രിക് ടണ്ണാണ്. |
| (സി) മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് കശുമാവ് തോട്ടം വികസിപ്പിക്കുമെന്ന പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) ആന്ധ്രാപ്രദേശിൽ കശുമാവ് തോട്ടം ആരംഭിക്കുന്നതിനായി സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരുന്നുവെങ്കിലും പാട്ടവ്യവസ്ഥകൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) കശുവണ്ടിക്ക് പ്ലാന്റേഷൻ പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) 2012-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ആക്ട് പ്രകാരം (Annexure-1) പ്രധാന ആക്ടിന്റെ 81-ാം വകുപ്പിന്റെ ഒന്നാം ഉപ വകുപ്പിൽ (എഫ്) ഖണ്ഡമായി കശുമാവിൻ തോട്ടം ഉൾപ്പെടുത്തുകയും അതുവഴി ടി ആക്ടിന്റെ 82-ാം വകുപ്പ് പ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന പരമാവധി ഭൂപരിധി കണക്കാക്കുന്നതിൽ നിന്നും കശുമാവിൻതോട്ടത്തെ ഒഴിവാക്കിയിട്ടുമുണ്ട്. 'കശുമാവിൻ തോട്ടം' (cashew estate) എന്നാൽ ഒരു ഹെക്ടറിൽ 150-ൽ കുറയാത്ത എണ്ണം കശുമാവ് മരങ്ങൾ കൃഷി |

ചെയ്തിട്ടുള്ള ഏതെങ്കിലും വസ്തു എന്നാണർത്ഥമാക്കുന്നത്; ഇതിനെ ത്തുടർന്ന് മിച്ചഭൂമി സംബന്ധിച്ച് കേസ്സുകളിൽ മിച്ചഭൂമിയായി കണക്കാക്കുന്ന വസ്തുവിൽ മേൽപ്പറഞ്ഞ രീതിയിൽ കശുമാവ് കൃഷി ചെയ്ത് മിച്ചഭൂമിയുടെ പരിധിയിൽ നിന്നും ഒഴിവാകുന്ന പ്രശ്നം പരിഹരിക്കുന്നതിനായി 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ 81-ാം വകുപ്പിന്റെ ഭേദഗതി നിലവിൽ വന്ന 19/06/2012-ൽ കശുമാവിൻ തോട്ടങ്ങളായി നിലനിൽക്കുന്ന വസ്തുവിനെയാണ് സീലിംഗ് പരിധി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് റവന്യൂ വകുപ്പ് വിശദീകരിച്ചിട്ടുണ്ട്. ഇതിൽ നിന്ന് വ്യത്യസ്തമായി പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട താലൂക്ക് ലാന്റ് യൂസ് ബോർഡുകൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് തീർപ്പ് കൽപ്പിക്കുമെന്ന് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും റവന്യൂ വകുപ്പ് മന്ത്രിയും സംയുക്തമായി ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (Annexure – I – Notification No. 9207/Leg.B2/2010/Law dated 19/06/2012)

Radhakrishnan

സെക്ഷൻ ഓഫീസർ

Annexure


© Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N)/12/12-14


# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

**PUBLISHED BY AUTHORITY**

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | |
|---|---|---|---|
| Vol. LVII<br>വാല്യം 57 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 19th June 2012<br>2012 ജൂൺ 19<br>29th Jyaishta 1934<br>1934 ജ്യേഷ്ഠം 29 | No.<br>നമ്പർ 1296 |



GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 9207/Leg.B2/2010/Law. *Dated, Thiruvananthapuram, 19th June, 2012*
*29th Jyaishta, 1934.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the President on the 4th day of June, 2012.

By order of the Governor,

C. K. Padmakaran,

*Special Secretary (Law).*

## ACT 6 OF 2012

### THE KERALA LAND REFORMS (SECOND AMENDMENT) ACT, 2005

*An Act further to amend the Kerala Land Reforms Act, 1963.*

*Preamble.*—WHEREAS, it is expedient further to amend the Kerala Land Reforms Act, 1963 for the purposes hereinafter appearing;

BE it enacted in the Fifty-sixth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Land Reforms (Second Amendment) Act, 2005.

(2) It shall come into force at once.

2. *Amendment of section 81.*—In section 81 of the Kerala Land Reforms Act, 1963 (1 of 1964) (hereinafter referred to as the principal Act),—

(a) in sub-section (1), after clause (e), the following clause shall be inserted, namely :—

"(f) cashew estate

*Explanation*: For the purpose of this clause "cashew estate" shall mean any land principally cultivated with not less than 150 cashew trees per hectare.";

(b) after sub-section (3), the following sub-section shall be inserted, namely :—

"(4) Notwithstanding anything contained in this Act or in any other law for the time being in force or in any contract or other documents or in any judgement, decree or order of any Court or Tribunal or Taluk Land Board or Land Board or other authority, a person holding plantation and lands ancillary thereto or interspersed within such plantation, may use not exceeding five per cent of the extent of such holding for floriculture or for the cultivation of Vanila or medicinal plants or other agricultural crops or for establishing hotels or resorts or other tourism projects and for purposes ancillary or connected therewith.".

3. *Amendment of section 82.*—In section 82 of the principal Act, to sub-section (4), the following proviso shall be added, namely:—

"Provided that nothing contained in this section shall apply to the conversion of any land into cashew estate.".

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.

Radhakrishnan